GOVT. BRENNEN COLLEGE
CENTRAL LIBRARY
THALASSERY

K16U 0580

Reg. No.: ..............................

Name : ..................................

IV Semester B.A. Degree (CBCSS – 2014 Admn. – Regular)
Examination, May 2016
COMPLEMENTARY COURSE IN MALAYALAM
4C 04 MAL : Malayala Sahithya Charithram (Part – II)

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) കേശവീയത്തിലെ വർണ്ണനാരീതി വ്യക്തമാക്കുക.

2) മലയാളഭാഷയുടെ ശക്തിയും പരിമിതിയും മനസ്സിലാക്കാൻ 'പച്ച മലയാളപ്രസ്ഥാനം' സഹായകമാണ് – പരിശോധിക്കുക.

3) മലയാളത്തിലെ കാല്പനിക പ്രസ്ഥാനത്തിന് നാന്ദി കുറിച്ചത് മലയവിലാസമാണ് – ചർച്ച ചെയ്യുക.

4) വിലാപവും തത്ത്വചിന്തയും ഒത്തുചേർന്ന ആഖ്യാനരീതിയാണ് വിലാപകാവ്യങ്ങളിൽ കാണുന്നത് – 'ഒരു വിലാപ'ത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക. **(2×7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

5) കൊടുങ്ങല്ലൂർക്കളരിയുടെ സവിശേഷതകൾ എന്തെല്ലാം ? – ഉപന്യസിക്കുക.

6) 'നല്ലഭാഷ'യുടെ ഭാഷാപരമായ സവിശേഷതകൾ എഴുതുക.

7) മലയാളത്തിലെ ഖണ്ഡകാവ്യങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

8) 'സ്യമന്തകകഥ' ചുരുക്കി അവതരിപ്പിക്കുക.

9) ''മലയാളത്തിലെ വിലാപകാവ്യത്തിന്റെ ശക്തിയും കാന്തിയും നിറഞ്ഞു ശോഭിക്കുന്ന കൃതിയാണ് ഒരു വിലാപം'' – വിശദീകരിക്കുക.

10) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കൃതികൾ പരിചയപ്പെടുത്തുക. **(4×3=12)**

P.T.O.

III. നൂറു വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) ''കേൾക്കേണമിതാരോടും ഞാൻ വാക്കുപിഴച്ചിട്ടുമോതിയിട്ടില്ലേ
നോക്കട്ടേ രണ്ടാം വേഴ്ചക്കുള്ളതിനോടൊരിക്കലുവ്വേനും''
– സന്ദർഭമെഴുതി വിശദീകരിക്കുക.

12) ''മാഹാത്മ്യമേറുന്നൊരതിങ്കലാശ
പലർക്കുമുണ്ടിങ്ങു വളർന്നിടുന്നു'' – ഏതിലാണ് ആശയുണ്ടാകുന്നത് ?
വിശദീകരിക്കുക.

13) ''നിറഞ്ഞ ചെന്താർമലർപോൽ ഭവിക്കിലും
കുഴന്തയാകാ കിഴവൻ ദിവാകരൻ'' – സാരസ്യമെഴുതുക.

14) ''ലോകം രംഗം നരന്മാർ നട''രിതുവളരെസ്സാരമാം തത്ത്വമെങ്ങോ
പോകട്ടേ മാംസമേദോമലകലിതമുടൽക്കെട്ടിതുക്കൃഷ്ടമാണോ ?'' – വിശദീകരിക്കുക.

15) കവിത്രയങ്ങൾ എഴുതിയ പ്രധാനപ്പെട്ട ഏതാനും ഖണ്ഡകാവ്യങ്ങൾ
പരിചയപ്പെടുത്തുക.

16) നല്ലഭാഷയെക്കൂടാതെ പച്ചമലയാള പ്രസ്ഥാനത്തിൽപ്പെട്ട കാവ്യങ്ങളേതെല്ലാം ?
വിശദീകരിക്കുക. **(4×2=8)**

IV. ഒറ്റവാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) ആസന്നമരണ ചിന്താശതകം എന്ന ഖണ്ഡകാവ്യം ആരെഴുതിയതാണ് ?

18) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ യഥാർത്ഥ പേരെന്ത് ?

19) ഏ. ആർ. രാജരാജവർമ്മ നളചരിതം ആട്ടക്കഥക്കെഴുതിയ അവതാരികയുടെ
പേരെന്ത് ?

20) 'ഭൃംഗവിലാപം' ആരാണെഴുതിയത് ?

21) വള്ളത്തോൾ എഴുതിയ മഹാകാവ്യമേത് ?

22) 'സരസഗായക കവിമണി' എന്ന് വിളിക്കുന്നതാരെ ?

23) ദ്വിതീയാക്ഷരപ്രാസം നിഷേധിച്ചുകൊണ്ട് ദൈവയോഗം എന്ന കൃതി എഴുതിയതാര് ?

24) മലയവിലാസത്തിൽ വർണ്ണിതമാകുന്ന പർവ്വതമേത് ? **(6×1=6)**

———————